13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.30(2)/2022/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 461/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സജേഷ്. എസ്,
S/o. Late പി. ശങ്കരൻ നായർ,
രശ്മി, കുന്നിൽ,
കിഴക്കുംഭാഗം, കഴക്കൂട്ടം (പി.ഒ),
തിരുവനന്തപുരം - 695 582. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ,
കഴക്കൂട്ടം വില്ലേജ് ഓഫീസ്, കഴക്കൂട്ടം,
തിരുവനന്തപുരം - 695 582.

2. അപ്പീൽ അധികാരി & തഹസിൽദാർ,
താലൂക്ക് ഓഫീസ്, കോട്ടയ്ക്കകം,
തിരുവനന്തപുരം - 695 023. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01/09/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05/11/2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10/01/2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10/01/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 20/12/2022<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സജേഷ്. എസ് 10/01/2022 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 30(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 01/09/2021 തീയതി സമർപ്പിച്ച അപേക്ഷയിൽ പറഞ്ഞിട്ടുള്ളത്, കഴക്കൂട്ടം വില്ലേജിൽ ബ്ലോക്ക് നമ്പർ 11-ൽ റീസർവ്വെ 171/15-ൽ ഉൾപ്പെട്ട 9.55 ആർ, 171/16-ൽ 4.8 ആർ എന്നീ വസ്തുവകകൾ ശ്രീകുമാരൻ നായർ എന്ന് വ്യക്തി കരമടയ്ക്കുന്നതുമായി ബന്ധപ്പെട്ട പോക്കുവരവ് നടപടികളുടെ പകർപ്പും അപേക്ഷയുടെ പകർപ്പുകളുമാണ് ആവശ്യപ്പെട്ടിരുന്നത്.

മേൽപ്പടി അപേക്ഷയ്ക്ക് 28/09/2021-ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 13/11/2021 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 05/11/2021-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 18/02/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, അപ്പീൽ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ച് അപ്പീൽ കക്ഷിയെയും ഒന്നാം എതിർകക്ഷിയെയും നേരിൽ കേട്ടിട്ടുള്ളതും, എസ്.പി.ഐ.ഒ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണെന്നും, വില്ലേജ് റിക്കാർഡുകൾ പ്രകാരം ടി വസ്തുവകകൾ 2140-ാം തണ്ടപ്പേർ പ്രകാരം വടക്കുംഭാഗം മുറിയിൽ മിഷൻ ബംഗ്ലാവിൽ ഡോ.തോമസ് തോമസ് ആനന്ദാശ്രമം സംഘം വക എന്ന പേരിൽ നിലവിലുള്ളതും ആയതിന് പോക്കുവരവ് നടപടികൾ നടന്നിട്ടില്ല എന്നുമാണ്. എന്നാൽ 08/01/2021-ലെ കരമടച്ച രസീത് പരിശോധിച്ചതിൽ കരമൊടുക്കിയ ആളിന്റെ പേര് ഡോ. തോമസ്, തോമസ് മിഷ്യൻ ബംഗ്ലാവ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് പരിശോധിച്ച ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് കക്ഷിയ്ക്ക് വിവരം നൽകിയതെന്ന് എസ്.പി.ഐ.ഒ വിശദീകരണം നൽകിയിരുന്നുവെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 06-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV